# ഇടശ്ശേരിക്കുടുംബം

പി. കൃഷ്ണവാരിയർ

'എനിക്ക് ഒരു കുടുംബം ഉണ്ടായത് ആ മനുഷ്യൻ കാരണമാണ്,' ഇടശ്ശേരി പറയാറുണ്ടായിരുന്നു. 'കുടുംബം' എന്നതുകൊണ്ട് ഇടശ്ശേരി അപ്പോൾ ഉദ്ദേശിക്കുന്നത് തന്റെ ഭാര്യയും കുട്ടികളും അടങ്ങുന്ന സമൂഹത്തെയാണ്. ഇടശ്ശേരി ചൂണ്ടിക്കാട്ടുന്ന 'ആ മനുഷ്യൻ' സഹൃദയനും സാഹിത്യപ്രേമിയുമായ ഇടക്കണ്ടി രാഘവൻ നായരും. രാഘവൻ നായർ കാൻസർ ബാധിച്ച് ആശുപത്രിയിൽ കിടന്നിരുന്ന അന്ത്യനാളുകളിൽ ഇടശ്ശേരി തന്റെ എല്ലാ തിരക്കുകളും മാററിവച്ച് അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിൽ മാത്രം ശ്രദ്ധിച്ചു.

പൊന്നാനിയിൽ എത്തിയ ആദ്യകാലത്ത് ഇടശ്ശേരിയുടെ താവളം തന്റെ സുഹൃത്തും സഹപ്രവർത്തകനും കവിയുമായിരുന്ന ഇ. നാരായണന്റെ വസതിയായിരുന്നു. അവിടെനിന്ന് ഇടക്കണ്ടിത്തറവാട്ടിലേയ്ക്കു ഇടശ്ശേരിയെ കൂട്ടിക്കൊണ്ടുപോയത് രാഘവൻ നായരാണ്. തന്റെ മരുമകൾക്കൊരു ഭർത്താവിനെ അന്നദ്ദേഹം ഇടശ്ശേരിയിൽ കണ്ടിരിക്കണം. ഏതായാലും രാഘവൻ നായരുടെ മരുമകൾ ജാനകിയെ ഇടശ്ശേരി അവിടെവച്ച് കാണുകയും ഇഷ്ടപ്പെടുകയും ചെയ്തു. "ശങ്കരാചാര്യരുടെ കീർത്തനങ്ങൾ മുതൽ 'പുഷ്പബാണവിലാസ'ത്തിന് ഞാൻ കുത്തിക്കുറിച്ചിട്ടിരുന്ന പരിഭാഷ വരെയുള്ള നിരവധി കൃതികൾ പദ്യരൂപത്തിലാണ് എന്ന ഒരേ കാരണം കൊണ്ട് ഒരേ നോട്ടുപുസ്തകത്തിൽ പകർത്തിവെയ്ക്കാൻ മാത്രം കവിതക്കമ്പവും വിഡ്ഢിത്തവുമായി ഒരു വധുവിനെ എനിക്കുവേണ്ടിത്തന്നെയാവണം ബ്രഹ്മാവ് കരുതി വച്ചിരുന്നത്" എന്ന ഒരു ന്യായവും ഇടശ്ശേരി കണ്ടെത്തുന്നുണ്ട്. അനുരാഗബദ്ധരായ ആ യുവാക്കൾക്ക്, പക്ഷേ, അതു പ്രകടിപ്പിക്കാൻ അന്നത്തെ വ്യവസ്ഥിതി തടസ്സമായിരുന്നു. അക്കാലത്തെ മനസ്സിന്റെ വിങ്ങൽ ഇടശ്ശേരിയുടെ ഈ വരികളിൽ കാണാം.

"പായും തലയിണയും തന്നുമ്മറ-
വാതിലടഞ്ഞുകഴിഞ്ഞപ്പോൾ
എൻനെടുവീർപ്പുകൾ കൂടിച്ചേർന്നോ
കാർമേഘത്തിനു കനമേറി?
ഓടുടയും പടി  കടെപടെ'യായ് ദ്രുത
താളമൊടാലിപ്പഴവർഷം
ആതിഥേയീ ഹൃദയത്രുടനമ-
തായിരുന്നീലെന്നിട്ടും
പായ വിരിച്ചു കിടക്കുമെനിക്കു-
ണ്ടായീ തീക്ഷ്ണമൊരനുതാപം"
(ഒരു ഗന്ധർവ്വൻ പാടുന്നു)

ആ അനുരാഗനദി ഏതായാലും വിഘ്നം കൂടാതെ തന്നെ ഒഴുകി. മുപ്പത്തിരണ്ടാം വയസ്സിൽ ഇടശ്ശേരി ജാനകിയമ്മയെ വിവാഹം ചെയ്തു.

തന്റെ സാഹിത്യപ്രവർത്തനങ്ങളടക്കം എല്ലാ പ്രവർത്തനങ്ങൾക്കും കൂട്ടായി നിന്ന ഒരു സഹധർമ്മിണിയാണ് ഇടശ്ശേരിക്ക് ജാനകിയമ്മയിൽ ലഭിച്ചത്. സ്വന്തം സാഹിത്യയത്നങ്ങൾ ജാനകിയമ്മ ഉപേക്ഷിച്ചു. ഇടശ്ശേരി എഴുതിയ കവിതകൾ വായിച്ചു കേൾക്കുന്നതിലും അവ വൃത്തിയായി പകർത്തി എഴുതുന്നതിലും തന്റെ സാഹിത്യമോഹങ്ങളുടെ സാഫല്യം ജാനകിയമ്മ കണ്ടു.

## മക്കളെക്കുറിച്ച്

ജാനകിയമ്മ പതിനൊന്നു പ്രസവിച്ചു. ആദ്യത്തെ കുട്ടി പ്രസവത്തിലേ മരിച്ചു. പിന്നെ ഇടയ്ക്കുവച്ച് രണ്ടുകുട്ടികളെക്കൂടി മരണം വിഴുങ്ങി. ആ മരണങ്ങൾ ഇടശ്ശേരിയിലുണ്ടായ ആഘാതം 'വരവും പോക്കും', 'പൂജാപുഷ്പം' എന്നീ കവിതകളിൽ കാണാം.

തന്റെ മക്കളെ ഇടശ്ശേരി അതിരുവിട്ട് ലാളിച്ചിട്ടില്ല. അല്ലെങ്കിലും വാക്കുകളിലും പ്രവൃത്തികളിലും മിതത്വം പാലിച്ചിരുന്ന ഒരാളായിരുന്നുവല്ലോ, ഇടശ്ശേരി. തനിക്കു ലഭിക്കാൻ കഴിയാതിരുന്ന ഹൈസ്കൂൾ വിദ്യാഭ്യാസം തന്റെ മക്കൾക്ക് ലഭിക്കാൻ സാധിച്ചതിൽ അദ്ദേഹം സംതൃപ്തനായിരുന്നു. അവരുടെ സ്കൂൾ വിദ്യാഭ്യാസത്തെപ്പററി തനിക്ക് ഒരിക്ക

ലും ആശങ്കപ്പെടേണ്ടിവന്നിട്ടില്ലെന്ന് ഇടശ്ശേരി എപ്പോഴും പറയാറുണ്ടായിരുന്നു. വീട്ടിനടുത്തുതന്നെയുള്ള പൊന്നാനി ന്യൂ.എൽ.പി. സ്കൂളിലും തുടർന്നു എ.വി. ഹൈസ്കൂളിലും താൻ ആശിച്ചതുപോലെയുള്ള ഒരു വിദ്യാഭ്യാസത്തിന്റെ അടിത്തറ അവർക്ക് ലഭിച്ചു. അവർ പഠിച്ച് ഉന്നതമായ ഉദ്യോഗങ്ങളൊന്നും നേടിയില്ലെങ്കിലും മനുഷ്യരായി വളർന്നാൽ മതി എന്നായിരുന്നു ഇടശ്ശേരിയുടെ മോഹം. പഠിക്കുന്ന കാര്യത്തിൽ ഇടശ്ശേരി അവരെ ഉപദേശിക്കാറില്ല.

ഇമ്മനശ്ശോഭയൊത്തിശ്ശരീര–
സ്ഥേമാവഭംഗുരമാകനിങ്കൽ

എന്ന ആശംസയാണ് അദ്ദേഹം അവർക്കു നൽകിയത്.

എങ്കിലും, തന്റെ മൂത്ത രണ്ടു മക്കളെ വളരെ ചെറുപ്പത്തിലേ ഉദ്യോഗം തേടി ദൂരേയ്ക്കയയ്ക്കേണ്ടിവന്നതിൽ തനിക്കുണ്ടായ മനഃക്ളേശം അദ്ദേഹം മറച്ചുവച്ചിട്ടില്ല. ഒരമ്മ പാടുന്നു’ എന്ന കവിത ഇതിന്റെ ഫലമായി രൂപം കൊണ്ടതാണ്.

അച്ഛന്റെ ആശംസ സഫലമാക്കിക്കൊണ്ടുതന്നെ ഇടശ്ശേരിയുടെ മക്കൾ അച്ഛനുള്ള ശ്രാദ്ധകർമ്മം നിർവ്വഹിച്ചു. അവരെല്ലാം ഇന്ന് ശാന്തവും സംതൃപ്തവുമായ ജീവിതം നയിക്കുന്നു. മററുള്ളവരുടെ ദുഃഖം മനസ്സിലാക്കുന്നതിലും അവരെ സഹായിക്കുന്നതിലും അവർ അച്ഛനെ അനുകരിക്കുന്നു. അവരുടെ ഒരു ലഘുനഖചിത്രം ഇവിടെ കൊടുക്കട്ടെ.

ഇടശ്ശേരിയുടെ മൂത്തമകൻ സതീശ് നാരായണൻ ബാല്യത്തിൽത്തന്നെ തികഞ്ഞ ഉത്തരവാദിത്വബോധം പ്രകടിപ്പിച്ചിരുന്നു. കുടുംബം പുലർത്തുന്നതിൽ അച്ഛനമ്മമാരെ സഹായിക്കാനുള്ള ബാദ്ധ്യത തനിക്കുണ്ടെന്ന് തന്നെ ചെറുപ്പത്തിൽ സതീശ് നാരായണൻ തിരിച്ചറിഞ്ഞു. നല്ലൊരു മലയാളശൈലിയുടെ ഉടമകൂടിയാണ് സതീശ്. ‘ഇടശ്ശേരിയുടെ പ്രബന്ധങ്ങ’ളിൽ അദ്ദേഹം എഴുതിയ ഓർമ്മക്കുറിപ്പു മനോഹരമായിട്ടുണ്ട്. എഫ്.എ.സി.ററിയിലെ ഉദ്യോഗത്തിൽ നിന്നു വിരമിച്ചു ഇടപ്പിള്ളിയിൽ പത്നി വിലാസിനിയുമൊത്ത് താമസിക്കുന്നു. ഇവർക്ക് സുധാംശു, ശ്രീജ, പ്രസന്ന എന്ന മൂന്നു മക്കളുണ്ട്. മൂന്നുപേരും വിവാഹിതർ. സുധാംശു എറണാകുളത്ത് ജോലി ചെയ്യുന്നു.

ഹരികുമാർ മലയാളത്തിലെ അറിയപ്പെടുന്ന ഒരു കഥാകൃത്താണ്. കഥപറച്ചിലിൽ അദ്ദേഹത്തിന് തനതായ, വശ്യതയുള്ള ഒരു ശൈലിയുണ്ട്. സ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ ഹരികുമാർ കഥയും കവിതയും രചിച്ചിരുന്നു. കഥാരചനയിൽ സമ്മാനവും നേടിയിട്ടുണ്ട്. കവിതയെക്കാളേറെ കഥയാണ് ഹരികുമാറിന്നിണങ്ങുന്ന ആവിഷ്കാരോപാധി എന്ന് ഹരികുമാറിനെ ഉപദേശിച്ചത് ഇടശ്ശേരി തന്നെയാണ്. കഴിഞ്ഞ ആറുവർഷമായി കേരളസാഹിത്യ അക്കാദമി അംഗമാണ് അദ്ദേഹം. കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. എറണാകുളത്ത് താമസം. ഭാര്യ ലളിത. മകൻ അജയ് ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. അജയ് വിവാഹിതനാണ്.

ഗിരിജാദേവി വിദ്യാഭ്യാസത്തിനുശേഷം താൻ പഠിച്ച എ.വി. ഹൈസ്കൂളിൽത്തന്നെ അദ്ധ്യാപികയായി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് വിവാഹിതയായത്. ഭർത്താവ് സി. എൻ. രാധാകൃഷ്ണൻ നായർക്ക് എയർഫോഴ്സിൽ ജോലിയായിരുന്നു. ഭർത്താവിനോടുകൂടെ താമസിക്കാൻവേണ്ടി ഗിരിജാദേവി ജോലി രാജിവച്ചു. ചുരുങ്ങിയ കാലമേ ഗിരിജാദേവി അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചുള്ളുവെങ്കിലും അതിന്നിടയിൽ അവർ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രിയങ്കരിയായിത്തീർന്നിരുന്നു. ഇപ്പോൾ തൃശൂരിൽ പെരിങ്ങാവിൽ താമസിക്കുന്നു. അനുപമ, ജയദേവൻ, ദിനകരൻ എന്നിവരാണ് മക്കൾ. അനുപമയും ജയദേവനും വിവാഹിതരാണ്. ജയദേവൻ ദുബൈയിൽ ജോലിയെടുക്കുന്നു. ദിനകരന് തൃശൂരിൽ സ്വന്തമായി ഒരു കമ്പ്യൂട്ടർ സ്ഥാപനമുണ്ട്. അദ്ദേഹം കേരള സാഹിത്യ അക്കാദമിയ്ക്കുവേണ്ടി മലയാളത്തിൽ ഒരു ലൈബ്രറി ഡാററാബേസ് ഉണ്ടാക്കിയിട്ടുണ്ട്. മലയാളത്തിൽ ആദ്യമായി അക്ഷരമാലാക്രമത്തിൽ പദവിന്യാസം സാദ്ധ്യമായത് ഈ സോഫ്ററ്വെയർ മുഖേനയാണ്.

ഉണ്ണികൃഷ്ണൻ പഠനത്തിൽ നല്ലപോലെ ശ്രദ്ധിച്ചിരുന്ന ഒരു വിദ്യാർത്ഥിയായിരുന്നു. മററുവിദ്യാർത്ഥികൾക്ക് പേടിസ്വപ്നമായിരുന്ന ഗണിതശാസ്ത്രം ഉണ്ണികൃഷ്ണന് ഇഷ്ടകാമുകിയായിരുന്നു. ഇപ്പോൾ ഇലക്ട്രോണിക്സ് കോർപ്പറേഷനിൽ സീനിയർ സയന്റിസ്റ്റാണ്. ഹൈദരബാദിൽ താമസിക്കുന്നു. ഭാര്യ പ്രസന്ന. മക്കൾ സുദേവൻ, സുചിത്ര. സുചിത്ര വിവാഹിതയാണ്. മക്കൾ രണ്ടുപേരും ജോലിയിലാണ്.

മാധവൻ എസ്.എസ്.എൽ.സി. പരീക്ഷയിൽ സംസ്ഥാനത്ത് പതിനാറാം റാങ്കു നേടിയ പ്രതിഭയാണ്. ഇംഗ്ലീഷും മലയാളവും നന്നായി കൈകാര്യം ചെയ്യും. ഇടശ്ശേരിക്കവിതയുടെ സമ്പൂർണ്ണസമാഹാരത്തിൽ മാധവൻ എഴുതിയ  അച്ഛൻ' എന്ന ഓർമ്മക്കുറിപ്പ് ഇതിന് ദൃഷ്ടാന്തമാണ്. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഉയർന്ന ഉദ്യോഗസ്ഥനായ മാധവൻ ഇപ്പോൾ തിരുവനന്തപുരത്ത് ജോലിചെയ്യുന്നു. പത്നി സുശീല തിരുവനന്തപുരം ആർ.സി.സിയിൽ ഉദ്യോഗസ്ഥയാണ്. മകൾ ശ്രീദേവി വിവാഹിതയാണ്.

ഡോക്ടർ ദിവാകരൻ തൃശൂർ ജില്ലാ ആശുപത്രിയിലെ അനസ്തേഷ്യ വിഭാഗത്തിന്റെ തലവനാണ്. കാൻസർ രോഗികൾക്ക് വേദനയിൽനിന്നു മോചനം നൽകുന്ന പാലിയേററീവ് ക്ലിനിക്കു നടത്തുന്നതുവഴി നിസ്തുലമായ സൗജന്യ സേവനമാണ് ദിവാകരൻ ചെയ്യുന്നത്. ഭാര്യ ശോഭന ഗുരുവായൂർ ശ്രീകൃഷ്ണകോളേജിൽ കെമിസ്ട്രി ലക്ചറർ. മക്കൾ ജിനചന്ദ്രനും ഹരികൃഷ്ണനും പഠിക്കുന്നു.

അശോക് കുമാർ ബി.ടെക്ക് പാസ്സായി സ്വതന്ത്രമായി ജീവിക്കാനുള്ള ആഗ്രഹം മൂലം സ്വന്തമായ ബിസിനസ്സിൽ ഏർപ്പെട്ടിരുന്നു. ഭാര്യ ജയശ്രീ തൃശൂർ പാറമേക്കാവ് ദേവസ്വം സ്കൂളിൽ ജോലിയെടുക്കുന്നു. മകൻ ഗോവിന്ദ് വിദ്യാർത്ഥി.

ഉഷാദേവി, മററു മക്കളെല്ലാം അകലെ ആയതുകൊണ്ട്, ഇടശ്ശേരിയുടേയും പത്നിയുടേയും വത്സലപുത്രിയായി വളർന്നു. ഭർത്താവ് രഘുപതിയോടൊപ്പം താനെയിൽ താമസം. മക്കൾ സത്യജിത്, വിനയൻ. സത്യജിത് പൂനയിൽ ജോലിയെടുക്കുന്നു. വിനയൻ വിദ്യാർത്ഥിയാണ്.

## ഇടശ്ശേരിക്കളം

നൂററാണ്ടുകൾക്കുമുമ്പ് കരുവണ്ണൂർ ദേശത്തായിരുന്നു ഇടശ്ശേരിത്തറവാട്. അവർ കുററിപ്പുറത്തുവന്ന് പാണ്ടൻ പറമ്പുമനയ്ക്കലെ നൊട്ടനാലുക്കലുണ്ടായിരുന്ന കളം വാങ്ങി താമസം തുടങ്ങി. അതുമുതൽ തറവാട്ടിന്റെ പേര് ഇടശ്ശേരിക്കളം എന്നായി. സാമൂതിരി വള്ളുവക്കോനാരിൽ നിന്ന് ഈ പ്രദേശത്തിന്റെ അധീശത്വം കൈവശപ്പെടുത്തിയപ്പോൾ അതു നോക്കിനടത്താനും സംരക്ഷിക്കാനുമായയച്ച പടനായകന്മാരായിരുന്നു ഇവരെന്നും കേട്ടുകേൾവിയുണ്ട്. കാലക്രമേണ ഈ തറവാട് മൂന്നായി പിരിഞ്ഞു. രണ്ടു ശാഖകൾ ഇടശ്ശേരിക്കളം വിട്ടുപോയി ഇടശ്ശേരി വടലിൽ എന്നും ഇടശ്ശേരി നമ്പ്രത്ത് എന്നും പേരുള്ള കുടുംബങ്ങളായി മാറി. തറവാട്ടിലെ സ്ത്രീകൾക്കും കുട്ടികൾക്കുംമാത്രം താമസിക്കാനായുണ്ടാക്കിയ സ്ഥലമായിരുന്നു നമ്പ്രത്ത്. സ്ത്രീകളുടെ പ്രസവത്തിനായി പ്രത്യേക സൗകര്യം അവിടെ ഏർപ്പെടുത്തിയിരുന്നു. അവിടെയാണ് ഇടശ്ശേരി നമ്പ്രത്ത് എന്ന പേരിൽ ഒരു തായ്‌വഴിക്കാർ താമസിച്ചത്.

ഇടശ്ശേരിക്കളത്തിൽ ബാക്കിയായ തായ്‌വഴിയുടെ തുടക്കം ശ്രീദേവി എന്ന ചിരുതേയി അമ്മയിൽനിന്നാണ്. ഇവർക്ക് ഒരനുജത്തിയുണ്ടായിരുന്നു – കുമ്മിണിയമ്മ, അവർക്ക് കുട്ടികളുണ്ടായിരുന്നില്ല. അവർ പുഴയ്ക്കക്കരെ ഇടശ്ശേരി വളപ്പ് എന്ന സ്ഥലത്തായിരുന്നു താമസം. ഇടശ്ശേരിത്തറവാട്ടുകാരുടെ കുലദൈവമായ കരിമ്പിളി മഹാകാളന്മാരുടെ ക്ഷേത്രം അവിടെയാണ്.

ചിരുതേയി അമ്മക്ക് മൂന്നുമക്കളാണുണ്ടായിരുന്നത് – പങ്കുമേനോൻ, കുഞ്ഞുകുട്ടിയമ്മ, കേളുമേനോൻ എന്ന കുട്ടൻ മേനോൻ. ഇവരിൽ കുഞ്ഞുകുട്ടിയമ്മയുടെ ആറാമത്തെ സന്തതിയാണ് ഗോവിന്ദൻകുട്ടി എന്ന മഹാകവി ഇടശ്ശേരി ഗോവിന്ദൻനായർ. കുഞ്ഞുകുട്ടിയമ്മയുടെ ആദ്യഭർത്താവ് തൃക്കണപുരം വലിയപറമ്പത്ത് ഗോവിന്ദൻ നമ്പ്യാരായിരുന്നു. ആ ബന്ധത്തിൽ അഞ്ചുകുട്ടികളുണ്ടായി – കൃഷ്ണമേനോൻ എന്ന അപ്പുമേനോൻ, മാധവൻ, മാളുഅമ്മ, മീനാക്ഷിയമ്മ, ശ്രീദേവി എന്ന അമ്മുവമ്മ. ഗോവിന്ദൻ നമ്പ്യാർ മരിച്ചതിന്നുശേഷം മുപ്പത്തഞ്ചാം വയസ്സിൽ കുഞ്ഞുകുട്ടിയമ്മ തലശ്ശേരിക്കാരൻ കൃഷ്ണക്കുറുപ്പിനെ വിവാഹം ചെയ്തു. കൃഷ്ണക്കുറുപ്പ് സാൾട്ട് ശിപായിയായിരുന്നു. ആ വിവാഹബന്ധത്തിലാണ് ഗോവിന്ദൻകുട്ടി ജനിച്ചത്. പെങ്ങന്മാർക്കെല്ലാം ഈ കുഞ്ഞനുജനെ വലിയ കാര്യമായിരുന്നു. ഗോവിന്ദൻകുട്ടിയുടെ വലതുകാൽപടം മേലോട്ടു മറിഞ്ഞതായിരുന്നതുകൊണ്ട് കുട്ടിക്ക് നടക്കാൻ വലിയ വിഷമമുണ്ടായിരുന്നു. വല്ല്യേടത്തി മാളുഅമ്മ എപ്പോഴും കുട്ടിയെ എടുത്തുകൊണ്ടു നടക്കും. ചെറിയേടത്തി മീനാക്ഷിയമ്മ ഗോവിന്ദൻകുട്ടിക്ക് കഥകൾ പറഞ്ഞുകൊടുക്കും. ഈ ചെറിയേടത്തിയേയും തന്റെ രണ്ടു ജ്യേഷ്ഠന്മാരേയും ഇടശ്ശേരി പൂതപ്പാട്ടിന്റെ മുന്നുരയിൽ അനുസ്മരിക്കുന്നുണ്ട്.

ഇടശ്ശേരിയുടെ ജ്യേഷ്ഠസഹോദരങ്ങളെപ്പററി കുറച്ചുകൂടി വിശദമായി ഇവിടെ പറ

യേണ്ടത് ആവശ്യമാണെന്നുതോന്നുന്നു. മൂത്ത ജ്യേഷ്ഠൻ കൃഷ്ണമേനോൻ എന്ന അപ്പു മേനോൻ, പതിനാറാമത്തെ വയസ്സിൽ നാടുവിട്ടുപോയ തന്റെ അനുജൻ മാധവനെ അന്വേഷിച്ച്, കൊളമ്പോവിൽ (ശ്രീലങ്കയിൽ) പോയി. മാധവൻ ഒന്നാം ലോകയുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. പിന്നീട് വിവരമൊന്നുമില്ല. കൃഷ്ണമേനോന് മാധവനെ കാണാനൊത്തില്ല. അദ്ദേഹം കൊളമ്പോയിൽത്തന്നെ കൂടി. പോസ്റ്റ്മാനായി ജോലി ചെയ്തു. ഇ.കെ. മേനോൻ എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടു. കടകശ്ശേരി പീടിയേക്കൽവീട്ടിൽ നിന്ന് വിവാഹം കഴിച്ചു. മൂന്നു മക്കളുണ്ടായി. ജോലിയിൽ നിന്ന് വിരമിച്ചശേഷം കററുപ്പുറത്തുവന്ന് ഇടശ്ശേരിക്കളത്തിൽ സ്ഥിരതാമസമാക്കി. എഴുപത്താറാം വയസ്സിൽ മരിച്ചു. മാളുഅമ്മ ഇരുപതാം വയസ്സിൽ വടക്കെക്കളത്തിൽ രാമനുണ്ണി അങ്ങുന്നിനെ വിവാഹം കഴിച്ചു. ബാലകൃഷ്ണൻ, പദ്മാവതി എന്ന രണ്ടു കുട്ടികളുണ്ടായി. മീനാക്ഷിയമ്മ പതിന്നാലാം വയസ്സിൽ പേരഴി ഗോവിന്ദൻ നായരെ വിവാഹം കഴിച്ചു. അതിലൊരു പെൺകുട്ടിയുണ്ടായി. പിന്നെ ആ വിവാഹബന്ധം വേർപെടുത്തുകയും വാക്സിനേറററ് സി.വി. നാരായണൻ നായരെ വിവാഹം കഴിക്കുകയും ചെയ്തു. അതിൽ അവർക്ക് ആറു കുട്ടികളുണ്ടായി. മൂത്തകുട്ടിയായിരുന്നു ജാനകി. ആ കുട്ടി പതിമൂന്നാം വയസ്സിൽ മരിച്ചു. ആ മരണത്തിലെ ദുഃഖമാണ് ഇടശ്ശേരിയുടെ 'ജാനകി' എന്ന കവിത. ശ്രീദേവി എന്ന അമ്മുവമ്മ പൊന്നാനി ഈശ്വരമംഗലത്ത് അധികാരത്ത് ഗോവിന്ദമേനോനെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു മക്കളുണ്ടായി.

## വലിയ ലോകം

ഇടശ്ശേരിയുടെ മരുമക്കളും അവരുടെ പിൻമുറക്കാരും നാടിന്റെ നാനാഭാഗത്തുമുണ്ട്. എല്ലാവരും നല്ല സ്ഥിതിയിലാണെന്നു പറയാം. തൃശൂർ സ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂർ മാനേജരായ വിജയരാഘവൻ, ബാംഗ്ലൂരിൽ ഇലക്ട്രോണിക്സ് എഞ്ചിനീയരായി ജോലിനോക്കുന്ന സുകുമാരൻ, സിങ്കപ്പൂരിൽ എഞ്ചിനീയർ ആയ രാജീവ്, കോർപ്പറേഷൻ ബാങ്കിൽ ചീഫ് മാനേജരായി മംഗലാപുരത്തു താമസിക്കുന്ന ഗോപിനാഥൻ, പൊന്നാനി ഈശ്വരമംഗലത്തു താമസിക്കുന്ന രവീന്ദ്രനാഥൻ എന്നിവർ അവരിൽ ചിലർ മാത്രം. വിദേശത്തുള്ള ഇന്ത്യൻ എംബസികളിൽ ജോലിചെയ്തിരുന്ന വാസുദേവൻ, ഒററപ്പാലം എൻ.എസ്.എസ്. കോളെജിൽ ലക്ചററായിരുന്ന ഡോ. ബാലാമണി എന്നിവർ മരിച്ചുപോയി.

ഇടശ്ശേരിയുടെ വല്ല്യേടത്തിയുടെ മകൾ പദ്മാവതിയമ്മ വിവാഹം കഴിച്ചില്ല. അവർ ഇടശ്ശേരിയുടെ ജ്യേഷ്ഠനും തന്റെ വല്ല്യമ്മാവനുമായ ഇ.കെ. മേനോന്റെകൂടെ കുററിപ്പുറത്തു തറവാട്ടിൽ താമസിച്ചു. ഇ.കെ. മേനോന്റെ പെൻഷനും ഇടശ്ശേരിയുടെ സഹായവും കൊണ്ടാണ് കഴിഞ്ഞിരുന്നത്. ഇ.കെ. മേനോന്റെ മരണശേഷം അവർ ഈശ്വരമംഗലത്ത് ചെറിയമ്മയുടെ അടുത്തേയ്ക്കുപോയി. ഇപ്പോൾ ചെറിയമ്മയുടെ മകൾ ദേവകിയമ്മയുടേയും അവരുടെ മകൾ സുശീലയുടേയും ഒപ്പം ബാംഗ്ലൂരിൽ താമസിക്കുന്നു. ഇടശ്ശേരിത്തറവാട്ടിനെ സംബന്ധിച്ച വിവരങ്ങൾക്ക് ഞാൻ പദ്മാവതിയമ്മയോടും സുശീലയോടും കടപ്പെട്ടിരിക്കുന്നു.

പത്തൊമ്പതാം നൂററാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും മരുമക്കത്തായത്തറവാടുകൾക്കേററ വാട്ടം ഇടശ്ശേരിത്തറവാടിനേയും ബാധിച്ചു. ഭൂസ്വത്തെല്ലാം അന്യാധീനപ്പെട്ടു. സദാ ജ്വലിച്ചു കിടന്നിരുന്ന അടുപ്പ് ഒരു നേരമെങ്കിലും പുകയാൻ വിഷമിച്ചു. ഇടശ്ശേരിയുടെ ബാല്യകാലമായപ്പോഴേയ്ക്കും തറവാട്ടിലെ മററു തായ്‌വഴിക്കാരൊക്കെ അകന്നുപോയ്ക്കഴിഞ്ഞിരുന്നു. അന്നത്തെ സ്ഥിതിക്ക് സാമാന്യം വരുമാനമുണ്ടായിരുന്ന അച്ഛൻ കൃഷ്ണക്കുറുപ്പ് വീട്ടിൽ വരുമ്പോഴാണ് ഈ ദുരിതത്തിന്നുതെല്ലെങ്കിലും ആശ്വാസമുണ്ടായിരുന്നത്. പദ്മാവതിയമ്മയുടെ വാക്കുകൾ കേൾക്കുക: കുട്ടിമാമേടെ അച്ഛൻ തലശ്ശേരിക്കാരനായിരുന്നു. ഇടയ്ക്ക് വീട്ടിൽ പോകാറുണ്ട്. പിന്നെ എപ്പോഴും യാത്രയായിരിക്കും. വരുമ്പോ ഓരോരുത്തർക്ക് സാധനങ്ങള് കൊണ്ടു വന്നുകൊടുക്കും. അദ്ദേഹത്തിന് നല്ല വരായ്കണ്ടായിരുന്നു. എല്ലാവരേം സഹായിക്കും. നാട്ടുകാർക്കൊക്കെ വല്ല്യ കാര്യമായിരുന്നു. കുറുപ്പച്ചൻ, കുറുപ്പുതമ്പ്രാൻ എന്നൊക്ക്യാണ് വിളിക്കാറ്. കൃഷ്ണക്കുറുപ്പിന് മകൻ ഗോവിന്ദൻകുട്ടിയെ വലിയ കാര്യമായിരുന്നു. തന്നോട് അച്ഛനുണ്ടായിരുന്ന വാത്സല്യം ഇടശ്ശേരി തന്റെ കവിതകളിൽ അനുസ്മരിക്കുന്നുണ്ട്. സ്ക്കൂളിൽ ചേരാൻ പോകുമ്പോൾ കയ്യക്ഷരം നല്ലതാക്കൂ' എന്ന് അച്ഛൻ നല്കിയ ആശംസ തനിക്കു എത്രമാത്രം ഗുണം ചെയ്തു എന്ന് ഇടശ്ശേരി പറയുമായിരുന്നു. പക്ഷേ, 1921-ൽ അദ്ദേഹത്തിന്റെ ആകസ്മികമരണം ആ കുടുംബത്തിന്നു ഇടിത്തീയായി. ഇടശ്ശേരിയെ ഹൈസ്ക്കൂളിൽ ചേർത്തു പഠിപ്പി

ക്കണമെന്ന കുഞ്ഞുകുട്ടിയമ്മയുടെ ആശ വാടിക്കരിഞ്ഞു. അന്ന് ഹൈസ്ക്കൂളിൽ പഠിക്കണമെങ്കിൽ പൊന്നാനിയിലോ, ഒററപ്പാലത്തോ പോകണം. ദിവസവും പോയി വരാനുള്ള യാത്രാ സൗകര്യമില്ല. അവിടെ വല്ല ബന്ധു ഗൃഹത്തിലും താമസിക്കണം. അവർക്ക് ചെലവിന് വല്ലതും കൊടുക്കണം. ഫീസ്, പുസ്തകം മുതലായ ചെലവുകൾ വേറെയും. കൃഷ്ണക്കുറുപ്പിന് തലശ്ശേരിയിൽ ആദ്യഭാര്യയിൽ ഒരു മകനുണ്ടായിരുന്നു – കുഞ്ഞിരാമൻ അടിയോടി. അച്ഛനെ കാണാൻ അയാൾ ഇടയ്ക്കൊക്കെ കുററിപ്പുറത്തുവരുമായിരുന്നു. അച്ഛന്റെ മരണശേഷം അയാൾ പിന്നെ കുററിപ്പുറത്തു ചെന്നിട്ടേയില്ല! കൃഷ്ണക്കുറുപ്പിന്റെ സ്വത്തുക്കളൊന്നും അന്നത്തെ നിയമവ്യവസ്ഥയനുസരിച്ച് ഗോവിന്ദൻകുട്ടിക്കോ അമ്മയ്ക്കോ ലഭിക്കുമായിരുന്നില്ല.

മറെറാരു തായ്‌വഴിയിലെ ഒരു ചെറിയമ്മ വിവാഹിതയായി പാലക്കാട്ട് ഭർത്തൃഗൃഹത്തിൽ താമസിച്ചിരുന്നു. 1921-ലെ മലബാർ ലഹളക്കാലത്ത് കുററിപ്പുറത്തുനിന്ന് എല്ലാവരും അവിടെയാണ് രക്ഷതേടിയിരുന്നത്.

നടക്കാൻ നന്നെ വിഷമമുണ്ടായിരുന്ന ഗോവിന്ദൻകുട്ടിയെ സ്കൂളിലേയ്ക്ക് എടുത്തുകൊണ്ടുപോവുകയായിരുന്നു പതിവ്. നമ്പ്രത്ത് താവഴിയിലെ ഗോവിന്ദമേനോനാണ് എടുത്തുകൊണ്ടുപോവുക. പുറമെ എവിടെയെങ്കിലും പോകണമെങ്കിലും ഗോവിന്ദമ്മാമയുടെ സഹായം വേണം. ഇടശ്ശേരിക്ക് വരുമാനം ഉണ്ടായിത്തുടങ്ങിയപ്പോൾ മാസം തോറും ഈ അമ്മാവന്ന് പണമയച്ചുകൊടുക്കാറുണ്ടായിരുന്നു. മാനന്തവാടിയിലുണ്ടായിരുന്ന ഇടശ്ശേരിത്തറവാട്ടിലെ കാരണവർ മയിലെണ്ണകൊണ്ടുവന്ന് ഒരു ഉഴിച്ചിൽകാരന്റെ സഹായത്തോടെയാണ് ഇടശ്ശേരിയെ മുടന്തിൽനിന്ന് രക്ഷപ്പെടുത്തിയത്. അതോടെ സ്കൂളിൽ പോകാനോ മറെറവിടെയെങ്കിലും പോകാനോ ഗോവിന്ദമ്മാമയുടെ ചുമലിൽ കയറേണ്ടെന്നായി.

മറെറാരു തായ്‌വഴിയിലെ അംഗമായിരുന്ന ശങ്കരേട്ടൻ എന്ന മനുഷ്യനെക്കൂടി സ്മരിക്കാതെ ഇടശ്ശേരിയുടെ പൂർവ്വകഥ പൂർത്തിയാവില്ല. അദ്ദേഹമാണ് പതിനാറാം വയസ്സിൽ ഗുമസ്തപ്പണി പഠിക്കാൻവേണ്ടി ഇടശ്ശേരിയെ ആലപ്പുഴയ്ക്ക് കൂട്ടിക്കൊണ്ടുപോയത്.

ഇടശ്ശേരിയുടെ പൂർവ്വികരൊക്കെ പേരിന്നുകൂടെ 'മേനോൻ'പദവി ചേർത്തിരുന്നവരാണ്. ഇടശ്ശേരി അതുമാററി 'നായർ' എന്നാക്കിയത് എന്തുകൊണ്ടാണെന്നു വ്യക്തമല്ല. ഒരുപക്ഷേ, സാമൂതിരി നല്കിയ പടനായകസ്ഥാനത്തിന് അർത്ഥമില്ലാതായി എന്നതുകൊണ്ടാകാം അങ്ങനെ ചെയ്തത്.

### ലോകമേ തറവാട്

ഇത്രയും എഴുതിക്കഴിഞ്ഞപ്പോഴാണ് കേവലം രക്തബന്ധത്തിന്റെ പരിധിയിൽ മാത്രം ഒതുക്കി നിർത്താവുന്നതായിരുന്നുവോ ഇടശ്ശേരിക്കുടുംബത്തിന്റെ വ്യാപ്തി എന്ന ചോദ്യം എന്റെ മനസ്സിലുയർന്നത്. സാഹിത്യ സാംസ്കാരിക പ്രവർത്തനം വഴി ഇടശ്ശേരിക്ക് മറെറത്രയോ പേരുമായി ബന്ധമുണ്ടായിരുന്നു. അവരെല്ലാം ഇടശ്ശേരിയെ സ്വന്തം വീട്ടിലെ അംഗമെന്ന നിലയിലാണ് കണ്ടിരുന്നത്. ഇടശ്ശേരി അവരേയും അങ്ങനെത്തന്നെ കണക്കാക്കിയിരുന്നു. പൊന്നാനിയിൽ ഭക്ഷണം, താവളം എന്നിവയ്ക്കു അവർ മററിടങ്ങളന്വേഷിക്കാറില്ല. ഇടശ്ശേരിയുടെ വീട് അവർക്ക് സ്വന്തം വീടായിരുന്നു. അവരെക്കൂടി ഉൾപ്പെടുത്തിയാലേ ഈ പ്രകരണത്തിന്റെ ശീർഷകത്തിന് അർത്ഥപൂർത്തി കൈവരൂ.

ഇവരിൽ പ്രഥമഗണനീയൻ ഇ. നാരായണൻ തന്നെ. അദ്ദേഹത്തെപ്പററി ഈ പ്രബന്ധത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 'ഇടയന്റെ നിക്ഷേപം' എന്ന ഒററ കവിതാസമാഹാരമേ അദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിച്ചിട്ടുള്ളു. ഗുമസ്തപ്പണിയിൽ ഇടശ്ശേരിയുടെ സഹപ്രവർത്തകൻ കൂടിയായിരുന്നു നാരായണൻ. ഇടശ്ശേരി പൊന്നാനിയിൽ വന്ന് ആദ്യകാലത്ത് നാരായണന്റെ വീട്ടിലായിരുന്നു താമസം. അവർ തമ്മിലുള്ള ബന്ധം ഇടശ്ശേരിയുടെ വാക്കുകളിൽ തന്നെ വായിക്കുക. 'എന്താണ് ഞങ്ങൾ തമ്മിലുള്ള ബന്ധം? അവൻ കവിത എഴുതി എന്നോ? ഞങ്ങൾ ഒന്നിച്ചിരുന്ന് പലതും പഠിച്ചുവെന്നോ? പോരാ. അതിലുമധികം അയാൾ എനിക്ക് അടുത്തവനായിരുന്നു. ഞാൻ കിടക്കാനൊരു തിണ്ണയില്ലാതെ അലഞ്ഞുനടന്ന കാലത്താണ് ഞങ്ങൾ പരിചിതരായത്. അയാൾ എന്നെ സ്വന്തം വീട്ടിലേയ്ക്കു കൂട്ടി. അവന്റെ അമ്മ, ആ സ്നേഹമയിയായ നിഴൽ, എന്നേയും ഒരു മകനായി സ്വീകരിച്ചു!' പൊന്നാനി അഴിമുഖത്തിന് സുമാർ ഒന്നരമൈൽ മേലേയുള്ള മോത്തിലാൽഘട്ടിൽ എന്നും വൈകുന്നേരങ്ങളിൽ ഇവർ ഒത്തുകൂടുമായിരുന്നു. ഈ സംഘത്തിൽ പിന്നീടു വന്നുചേർന്ന രണ്ടുപേർ ഇ. കുമാരനും പി.സി. കുട്ടികൃഷ്ണനുമായിരുന്നു. ഇ. കുമാ

രൻ നല്ല ഒരു കഥാകൃത്തായിരുന്നു. പി.സി. കുട്ടികൃഷ്ണൻ അന്ന് ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരുന്നു. സാഹിത്യക്കമ്പത്തിന്മേൽ കൂററൻ വേദാന്തചിന്തകൾകൊണ്ട് ഓവർലോഡുകേററി മെല്ലെ മെല്ലെ മമ്പോട്ടു ഉന്തിക്കൊണ്ടു പോകുന്ന ഒരു മട്ടുണ്ടായിരുന്നു പി.സി. കുട്ടികൃഷ്ണന് എന്നാണ് ഇടശ്ശേരി വിവരിക്കുന്നത്. പി.സി. കുട്ടികൃഷ്ണൻ പിന്നീട് ഇടശ്ശേരിയുടെ പത്നി ജാനകിയമ്മയുടെ ചെറിയമ്മയുടെ മകൾ ദേവകി അമ്മയെ വിവാഹം കഴിച്ചു നിയതാർത്ഥത്തിൽ തന്നെ ഇടശ്ശേരിയുടെ കുടുംബാംഗമായി, ഉറൂബ് എന്ന തൂലികാനാമം സ്വീകരിച്ചു മലയാളത്തിലെ പ്രശസ്ത കഥാകൃത്തായി. ഈ സംഘത്തിൽ വന്നു ചേർന്ന മറെറാരു വ്യക്തിയാണ് സുപ്രസിദ്ധനിരൂപകനായ കുട്ടികൃഷ്ണമാരാർ. ക്രമേണ വിട്ടുപിരിയാൻ വയ്യാത്ത ഒരാത്മബന്ധത്തിന്ന് ഈ സംഘം കീഴ്പ്പെട്ടു. ഇ. നാരായണൻ നന്നെ ചെറുപ്പത്തിലേ മരിച്ചുപോയി. അതിനുമുമ്പുതന്നെ അദ്ദേഹത്തിന്റെ കവിതകൾ പ്രശസ്തങ്ങളായിക്കഴിഞ്ഞിരുന്നു. ചങ്ങമ്പുഴയൊഴിച്ച് ഇത്രയും കവിതാവാസനയുള്ള മറെറാരാളെ കാണാൻ കഴിഞ്ഞിട്ടില്ലെന്നാണ് നാരായണനെപ്പററി ഇടശ്ശേരി പറയുന്നത്.

## വി.ടിയും എം. ഗോവിന്ദനും

ക്രമേണ ഈ സാഹിത്യ സുഹൃൽസംഘം ഭാരതപ്പുഴയുടെ തീരത്തുനിന്ന് പൊന്നാനിത്താലൂക്കിന്റെ നാലതിരുകളിലേയ്ക്ക് വികസിച്ചു. ശ്രീ വി.റ്റി. ഭട്ടതിരിപ്പാട് ഈ സംഘത്തിന്റെ നേതാവായി വന്നു. സംഘത്തിലെ മററംഗങ്ങളെ ഊർജ്ജസ്വലരാക്കാൻ വി.ററി.യുടെ വരവിനു കഴിഞ്ഞു. മദിരാശിയിലേക്ക് താമസം മാറുന്നതിന്നുമുമ്പ് എം. ഗോവിന്ദനും ഇതിലെ സജീവാംഗമായിരുന്നു. സ്വന്തം രചനകളിൽ മാനവികതക്ക് മുൻതൂക്കം കൊടുത്തിരുന്ന സംഘാംഗങ്ങൾക്ക് എം. ഗോവിന്ദനുമായുള്ള സഹവാസംമൂലം മാനവികതയെ ഒരു ദർശനത്തിന്റെ തലത്തിലേയ്ക്കു വളർത്താൻ കഴിഞ്ഞു. ഗോവിന്ദൻ മദിരാശിയിൽ നിന്ന് ഇടയ്ക്കിടയ്ക്ക് ഈ സംഘവുമായി ബന്ധം പുലർത്തിക്കൊണ്ടിരുന്നു. അക്കിത്തത്തിനെ അദ്ദേഹത്തിന്റെ ഒരു അദ്ധ്യാപകനാണ് ഇയാൾ കവിത എഴുതാറുണ്ട്. അതൊന്നു പരിശോധിക്കണം’ എന്നു പറഞ്ഞു ഇടശ്ശേരിയെ ഏല്പിച്ചത്. കവിത നോക്കി, ഇയാൾക്ക് ചിരിക്കാനറിയാം. കവിത എഴുതിയാൽ നന്നാവും’ എന്നു പറഞ്ഞു ഇടശ്ശേരി അക്കിത്തത്തിനെ തന്റെ കുടുംബത്തിലെ ഒരംഗമായി ഏററുവാങ്ങി. പിന്നെ, അക്കിത്തത്തിൽ നിന്ന് ഇടശ്ശേരിയുടെ ഭൗതികസാന്നിദ്ധ്യത്തെ അകററിയത് ഇടശ്ശേരിയുടെ മരണമാണ്. ഇപ്പോഴും അക്കിത്തത്തിന്റെ ഉള്ളിൽ ഇടശ്ശേരി ജീവിച്ചിരിപ്പുണ്ട്. കടവനാട് കുട്ടികൃഷ്ണൻ ഇടശ്ശേരിക്ക് സ്വന്തം അനുജനെപ്പോലെയായിരുന്നു. കടവനാടിന്റെ വിവാഹകാര്യത്തിൽ ഇടശ്ശേരിക്ക് ഇടപെടേണ്ടിവന്നത് ‘മകന്റെ വാശി’ എന്ന കവിതയിൽ ഇടശ്ശേരി വിവരിക്കുന്നുണ്ട്. പറയാനുള്ളത് ഒതുക്കിപ്പറയാൻ തന്നെ പഠിപ്പിച്ചത് ഇടശ്ശേരിയാണ് എന്ന് കടവനാട് കൂടക്കൂടെ പറയാറുണ്ടായിരുന്നു. പ്രസിദ്ധ നോവലിസ്റ്റ് സി. രാധാകൃഷ്ണൻ, ജോത്സ്യൻ ടി. വി. ശൂലപാണിവാരിയർ, കുറച്ചുകാലം പൊന്നാനിയിൽ ജോലിചെയ്തിരുന്ന കവി ബാലചന്ദ്രൻ മുല്ലശ്ശേരി, പി.എം. പള്ളിപ്പാട്, സി.വി. ഗോവിന്ദൻ, പി. ആനന്ദവല്ലിയമ്മ, ടി.കെ. മുഹമ്മദ് എന്നിവരൊക്കെ ഇടശ്ശേരിയെ ഒരു കുടുംബകാരണവരുടെ നിലയ്ക്കാണ് ആദരിച്ചിരുന്നത്. ഈ പാരമ്പര്യത്തിൽ ഇപ്പോൾ തിളങ്ങി നില്ക്കുന്നവരാണ് ആലങ്കോട് ലീലാകൃഷ്ണൻ, പി.പി. രാമചന്ദ്രൻ എന്നിവർ.

## രാഷ്ട്രീയപ്രവർത്തനം

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലും ഇടശ്ശേരി സജീവമായിരുന്നു. അതുവഴി ഇടശ്ശേരിയുടെ കുടുംബാംഗങ്ങളായവരിൽ പ്രമുഖരാണ് പറേരിക്കൽ കൃഷ്ണപ്പണിക്കരും കെ. കേളപ്പനും. ഗുരുവായൂർ സത്യഗ്രഹം മലബാർ പ്രദേശത്തുമുഴുവനും വലിയ കേളിളക്കം സൃഷ്ടിച്ചു. പൊന്നാനിയിൽ അത് തീവ്രമായിരുന്നു. അതിനും മുമ്പുതന്നെ ഇടശ്ശേരി ദേശീയ പ്രസ്ഥാനത്തിലേയ്ക്ക് ആകർഷിക്കപ്പെട്ടു കഴിഞ്ഞിരുന്നു. തികഞ്ഞദേശീയവാദിയും പ്രസ്ഥാനത്തിലെ നേതാവുമായിരുന്ന വക്കീൽ രാമൻമേനോന്റെ ഗുമസ്തനായിരുന്നു ഇടശ്ശേരി. ഇടശ്ശേരിയുടെ സ്വതവെയുള്ള ചായ്വിനെ ഈ ബന്ധം ബലപ്പെടുത്തിയിരിക്കാം. ഖാദിവസ്ത്രധാരണം, ചർക്കാ ക്ലാസ്സുകൾ നടത്തുക എന്നിങ്ങനെയുള്ള സ്വദേശി പ്രസ്ഥാനത്തിലെ ബന്ധം വഴി ഇടശ്ശേരിയുടെ കുടുംബാംഗങ്ങളായവരാണ് ത്രേസ്യാടീച്ചർ, കെ. ശങ്കുണ്ണിനായർ, സി. ചോയുണ്ണി, പി. നാരായണൻ വൈദ്യർ മുതലായവർ. മുൻമന്ത്രിയും, പാർലമെന്റ് മെമ്പറുമൊക്കെയായിരുന്ന മാർക്സിസ്റ്റ് നേതാവ് ഇ.കെ. ഇമ്പിച്ചിബാവയും ആദ്യകാലത്ത് ഇടശ്ശേരിയുടെ സഹപ്രവർത്തകനായിരുന്നു.

ഇടശ്ശേരിയുടെ ഒരു ഭാഗം തന്നെയായി വളർന്ന ടി. ഗോപാലക്കുറുപ്പ് ഒരു വലിയ കലാകാരനായിരുന്നു. ഇടശ്ശേരി രചിച്ച നാടകങ്ങളിലെ, പ്രത്യേകിച്ചും 'കൂട്ടുകൃഷി'യിലെ, പാത്രങ്ങൾക്ക് രംഗത്ത് ജീവൻ നല്കിയിരുന്നത് ഗോപാലക്കുറുപ്പായിരുന്നു. 'അശ്രുപൂജ' എന്ന കവിതയിൽ ഇടശ്ശേരി പറയുന്നു.

പറ്റിടാം പല പാപം, സാരമില്ലെന്നാലെന്റെ
മുററിയ ബോധത്തിന്റെ കണ്ണുകളടയട്ടേ
വിസ്മരിച്ചു ഞാനെങ്കിലെൻ ജീവിതോൽക്കർഷത്തിൻ
വിഷ്ക്കംഭം കുറിച്ചിട്ട ഗോപാലക്കുറപ്പിനെ!

കൃഷ്ണപ്പണിക്കർ വായനശാല ഇടശ്ശേരിക്ക് സ്വന്തം വീടിനേക്കാൾ പ്രിയപ്പെട്ടതായിരുന്നു. വായനശാലയിലെ പ്രവർത്തകർ അദ്ദേഹത്തിന്ന് സ്വന്തം വീട്ടുകാരെപ്പോലെയും. വായനശാലയിലെ ബഹുവിധപ്രവർത്തനംവഴി വലിയ ഉന്മേഷത്തിന്റെ കാലഘട്ടമായിരുന്നു ആയിരത്തിത്തൊള്ളായിരത്തി അമ്പതുകൾ. ഇടശ്ശേരിയെന്ന ഞങ്ങളുടെ വല്ല്യേട്ടന്റെ കൂടെ മറക്കാൻ വയ്യാത്ത എത്ര മണിക്കൂറുകളാണ് ഞങ്ങൾ ചെലവിട്ടിട്ടുള്ളത്! പി.സി. കുട്ടികൃഷ്ണനും (ഉറൂബ്) കടവനാടു കുട്ടികൃഷ്ണനും  മറ്റും ഇടയ്ക്കിടയ്ക്ക് ഞങ്ങളെ പ്രോത്സാഹിപ്പിക്കാനെത്തും. ഈ പ്രവർത്തനങ്ങളിൽ ഗോപാലക്കുറുപ്പ് കഴിഞ്ഞാൽ എപ്പോഴും മുമ്പിൽ നില്ക്കാറുള്ളത് ഇ. രാമൻ മാസ്റ്ററും എ. മാധവനുമായിരുന്നു. പരേതനായ കവി ഇ. നാരായണന്റെ അനുജനാണ് രാമൻമാസ്റ്റർ. നാരായണന്റെ മരണശേഷം അദ്ദേഹത്തിന്റെ സഹോദരങ്ങളുടെ രക്ഷിതാവ് ഇടശ്ശേരിയായിരുന്നു. എ. മാധവൻ ഇന്ന് ഓർമ്മ മാത്രമായി. കെ.വി. ജോൺ, പോൾ, ജോർജ്, ദേവസ്സിമാസ്റ്റർ, എൻ.പി. കുമാരൻ, പി.കെ. ഗോപാലമേനോൻ, വള്ളത്തോൾ ബാലചന്ദ്രമേനോൻ, ഇ. ശ്രീധരപ്പണിക്കർ, കെ.എസ്. വാരിയർ തുടങ്ങി വലിയൊരു സംഘം വൈകുന്നേരങ്ങളിൽ ഇടശ്ശേരിയോടൊപ്പം ഉണ്ടാവും. നാടേത്, പേരേത് എന്നറിയാത്ത ഒരു പ്രവർത്തകൻ കൂടി അന്ന് ഞങ്ങളുടെ ഇടയിലുണ്ടായിരുന്നു. അയാളുടെ രാത്രി താവളം വായനശാലയുടെ വരാന്ത തന്നെയായിരുന്നു. ഇടശ്ശേരി അയാൾക്ക് 'മഹാൻ' എന്നു പേരിട്ടു. അയാളുടെ അകാലമരണം ഞങ്ങളുടെ മനസ്സിന് മുറിവേല്പിച്ച സംഭവമാണ്.

വസ്തുവില്പന, തറവാട്ടുഭാഗം, ആധാരം രജിസ്റ്റർ ചെയ്യൽ എന്നിങ്ങനെ പല ആവശ്യങ്ങൾക്കും ഇടശ്ശേരിയെ മാത്രം ആശ്രയിച്ചിരുന്ന ഒരു വലിയ സമൂഹം പൊന്നാനിയിലുണ്ടായിരുന്നു. അവരെല്ലാം തങ്ങൾ ഇടശ്ശേരിയുടെ കുടുംബക്കാരാണെന്ന് അഭിമാനത്തോടെ വിശ്വസിച്ചിരുന്നു. ഇവരിൽ പ്രമുഖനായിരുന്നു പരേതനായ എം. ഭാസ്കരൻനായർ. ഇടശ്ശേരിയുടെ മകൻ ഇ. മാധവൻ 'അച്ഛൻ' എന്ന ഓർമ്മക്കുറുപ്പിൽ ഇങ്ങനെ എഴുതുന്നു: '.....അച്ഛൻ നാട്ടുകാരുമായി പങ്കുവയ്ക്കേണ്ട ഒരു പൊതുസ്വത്താണെന്ന വസ്തുതയുമായി ഞങ്ങൾ മക്കൾ ചെറുപ്രായത്തിൽ തന്നെ പൊരുത്തപ്പെട്ടു തുടങ്ങി.....'

അതെ. ഇടശ്ശേരി പൊതുസ്വത്തായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്ന് ഒരു പൊതുകുടുംബമാണുണ്ടായിരുന്നത്.